# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2578 12.03.2018 ൽ മറുപടിക്ക്**

**നരിപ്പറ്റ വില്ലേജ് ഓഫീസിന്റെ ക്വാർട്ടേഴ്സ് കെട്ടിടം നിർമ്മാണം**

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ വില്ലേജ് ഓഫീസ് ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണം വൈകുന്നതിന്റെ സാങ്കേതിക കാരണം വ്യക്തമാക്കാമോ; | (എ) നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ വില്ലേജ് ഓഫീസ് ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണത്തിനും ഓഫീസിന്റെ മെയിന്റനൻസിനും വേണ്ടി 50 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാറുകാരൻ പണി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ രണ്ട് ക്വാർട്ടേഴ്സും എസ്റ്റിമേറ്റിൽ പറയുന്ന പോലെ രണ്ട് ബ്ലോക്ക് ആയി നിർമ്മിച്ചാൽ നിലവിലുള്ള വില്ലേജ് ഓഫീസ് മറയും എന്ന പരാതി റവന്യൂ വകുപ്പ് ഉന്നയിച്ചതിനാൽ പണി തുടങ്ങുവാൻ സാധിച്ചില്ല. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ക്വാർട്ടേഴ്സ് ഇരുനില കെട്ടിടമായി മാറ്റുകയും കിണറും ചുറ്റമതിലും കൂടി ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയുമാണ്. |
| (ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ച തീയതിയും അനുവദിച്ച തുകയും വ്യക്തമാക്കാമോ; | (ബി) ടി പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി 04/06/2015-ൽ നൽകിയിട്ടുണ്ട്. |
| (സി) കെട്ടിടനിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ? | (സി) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിയായാലുടൻ തന്നെ പ്രവൃത്തി ആരംഭിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ